# ഏനുണ്ടോടി താമരചന്തം....

**സുധീർ പണിക്കവീട്ടിൽ**



**ഒരു** സംശയം ഈ വരികളിലുണ്ട്. എല്ലാ സ്ത്രീ മനസ്സുകളിലും തുടികൊട്ടുന്ന ഒരു വികാരമാണത്. ഞാൻ സുന്ദരിയാണോ? അണിഞ്ഞാലും അണിഞ്ഞാലും പോരാ എന്ന തോന്നൽ. അപ്പോൾ ഒരു ചോദ്യമുയരുന്നു. ആർക്ക് വേണ്ടി സ്ത്രീ അണിഞ്ഞൊരുങ്ങുന്നു. സൗന്ദര്യം കാഴ്ചക്കാരുടെ കണ്ണിലാണെങ്കിൽ അണിഞ്ഞൊരുങ്ങുന്നത് മറ്റുള്ളവർക്ക് വേണ്ടി തന്നെ. അങ്ങനെ കണ്ണെഴുതി പൊട്ടുംതൊട്ട്, പൊന്നാഭരണങ്ങളുമണിഞ്ഞ് സ്ത്രീകൾ നടക്കുമ്പോൾ കവി പാടിയപോലെ ഭൂമി കോരിത്തരിക്കുമോ എന്നറിയില്ല എന്നാൽ സൗന്ദര്യാരാധകനായ പുരുഷന്റെ മനസ്സ് ഒന്ന് പിടയും. ആ ദർശനലഹരിയിൽ അവൻ മനസ്സിൽ പാടി പോകും. "സുന്ദരിമാരെ കണ്ടാലെന്നുടെ കണ്ണിനകത്തൊരു ചുടുവാതം, ഒരു പെണ്മണി വഴിയെ നടന്ന്പോയാൽ ഇടക്കഴുത്തിനു പിടിവാതം' കുറച്ച്കൂടി ആവേശം കൊള്ളുന്നവർ നെയ് റോസ്റ്റ് പോലുള്ള അവളുടെ വെയ്സ്റ്റ് (Waist) കണ്ട് വായിൽ വെള്ളമൂറി (ഏതൊ കവിയുടെ ഭാവനയാണ്) "ഞാനൊരു ബ്രഹ്മചാരി, പ്രേമിക്കലാണു ഹോബി, എനിക്കില്ല വാരിയെല്ല് നാട്ടാരുകൂടിയൂരി" ഇങ്ങനെ അലറാനും സാദ്ധ്യതയുണ്ട്. ഈ പാട്ടെഴുതുന്ന കാലത്ത് പെണ്ണുങ്ങൾ ജീൻസ് ധരിച്ചിരുന്നില്ല. അപ്പോൾ വേഷത്തിലല്ല കാര്യം എന്ന് വ്യക്തം.കാരണം ആ പാട്ടിലെ മറ്റൊരു വരി ഇങ്ങനെയാണു. പെണ്ണൊന്ന് നോക്കി നിന്നാൽ മണ്ണിൽ മയങ്ങി വീഴും, പെണ്ണെന്ന് കണ്ണടിച്ചാൽ അയ്യോ നിലം പതിക്കും.ഇണയെ ആകർഷിക്കുക എന്നത് പ്രക്രുതി നിയമം. മനുഷ്യനു ബുദ്ധികൂടിയത് കൊണ്ട് അവന്റെ പ്രേമപ്രകടനങ്ങൾ ചിലപ്പോൾ ആഭാസകരമായിപോകുന്നു. അത് കൊണ്ട് പെൺകുട്ടികൾ അണിഞ്ഞൊരുങ്ങാതെയിരിക്കണമെന്നില്ല.

ദൈവം അവന്റെ പ്രതിഛായയിൽ മനുഷ്യനെ സ്രുഷ്ടിച്ചുവെന്ന് മനുഷ്യർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വിശ്വാസം ഉള്ളതായി കാണുന്നില്ല. എല്ലാവരും അവനവന്റെ ഭംഗി വർദ്ധിപ്പിക്കുന്നതിൽ എപ്പോഴും ബദ്ധശ്രദ്ധരാണു. എന്തെല്ലാം തരത്തിലുള്ള

വസ്ത്രധാരണരീതിയാണു ലോകമെമ്പാടുമുള്ളത്. ശരീരഘടനക്കനുസരിച്ചോ കാലാവസ്ത്തക്കനുസരിച്ചോ ഓരോരുത്തരും വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നു. ചില രാജ്യക്കാരുടെ വസ്ത്രരീതി ലോകം മുഴവനുമുള്ളവർ അനുകരിക്കുന്നു. ചില വസ്ത്രരീതികൾ അപ്രത്യക്ഷമാകുന്നു. സാരിയെന്ന വസ്ത്രരീതി മാത്രം ഭാരതത്തിൽ ഒതുങ്ങി നിൽക്കുന്നു. അതും സമീപഭാവിയിൽ അപ്രത്യക്ഷമാകാനാണു സാദ്ധ്യത. ഇപ്പോൾ സ്ത്രീ പുരുഷഭേദ്യമെന്യെ എല്ലാവരും ഒരേ ജാതി വസ്ത്രങ്ങൾ ധരിക്കുന്നുണ്ട്. ബൈബിളിൽ ഇങ്ങനെ കാണുന്നു. ഒരു സ്ത്രീ പുരുഷന്മാരുടെ വസ്ത്രങ്ങളണിയരുത്. പുരുഷന്മാർ സ്ത്രീകളുടെ വസ്ത്രങ്ങളും ധരിക്കരുത്. അത് നിങ്ങളുടെ ദൈവമായ യഹോവക്ക് വെറുപ്പുളവാക്കുന്നതാണു്. (ആവർത്തനം 22:5) സ്ത്രീകളുടെ വസ്ത്രധാരണരീതി പുരുഷന്മാരെ പ്രലോഭിപ്പിക്കുന്നു എന്ന് പലരും കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും അത് ചെവികൊള്ളാൻ സ്ത്രീകൾ തയ്യാറല്ല. കാരണം ഇണയെ ആകർഷിപ്പിക്കുകയെന്നത് ഓരോ ജീവികളുടേയും പ്രക്രതിദത്തമായ കർത്തവ്യമാണു്. പക്ഷികളും മ്രുഗങ്ങളും അങ്ങനെ ആകർഷിച്ചും ആകർഷിപ്പിച്ചും സുഖമായി ജീവിച്ച് പോകുന്നെങ്കിലും മനുഷ്യർക്ക് അത്രത്തോളം സ്വാതന്ത്ര്യമില്ല. പ്രത്യേകിച്ച് സ്ത്രീകൾക്ക്.

സിന്ധു നദീത്തട സംസ്കാര കാലം തൊട്ട് പുരാതന ഭാരതത്തിൽ സ്ത്രീകൾ സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിച്ചിരുന്നതിനു തെളിവുകൾ കിട്ടിയിട്ടുണ്ട്. അണ്ഡാക്രുതിയിലുള്ള കണ്ണാടിയും പല തരം ചീർപ്പുകളും അവർ ഉപയോഗിച്ചിരുന്നു. മഞ്ഞളും, ചന്ദനവും, കുങ്കമവും, കടലമാവും, കടുകും മഞ്ഞളും കൂട്ടിയരച്ച മഞ്ഞകടുകും ചേർത്ത ഒരു ലേപനം വേദ മന്ത്രങ്ങളുടെ അകമ്പടിയോടെ സ്ത്രീ പുരുഷ ഭേദമെന്യേ ദേഹമാസകലം പുരട്ടിയിരുന്നു. രതിശിൽപ്പങ്ങൾക്ക് പ്രസിദ്ധിയാർജ്ജിച്ച ഖജുറാവോയിൽ കണ്ണാടി നോക്കി സ്വന്തം സൗന്ദര്യം ആസ്വദിക്കുന്ന ഒരു സുന്ദരിയുടെ ജീവൻ തുടിക്കുന്ന പോലെയുള്ള ഒരു രൂപം കൊത്തി വച്ചിരിക്കുന്നത് അക്കാലത്തെ സ്ത്രീകളുടെ ദിനചര്യകളിലേക്ക് വെളിച്ചം വീശുന്നതാണു്. സൗന്ദര്യ വർദ്ധന വസ്തുക്കൾ ഉണ്ടാക്കുന്നതിൽ ഭാരതം എപ്പോഴും മുന്നിലായിരുന്നു. 2600 വർഷങ്ങൾക്ക് മുമ്പ് ഒരാളുടെ മൂക്കിന്റെ ആക്രുതി ശസ്ത്രക്രിയയിലൂടെ മനോഹര്മാക്കി പ്ലാസ്റ്റിക് സർജറി എന്നു ഇന്നറിയപ്പെടുന്ന സാങ്കേതിക വിദ്യക്ക് തുടക്കമിട്ടു. ഹിപ്പൊക്രറ്റിനു 150 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന സുഷ്രുത പ്ലാസ്റ്റിക്ക് സർജറിയെപ്പറ്റി വിശദ്മായി അദ്ദേഹത്തിന്റെ സുഷ്രുത സംഹിത എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

അണിഞ്ഞൊരുങ്ങാൻ എല്ല സ്ത്രീകളും ഇഷ്ടപ്പെടുന്നു. അത് ഒരു പക്ഷെ സ്വന്തം സൗന്ദര്യം കൂടുതൽ ആകർഷകത്വത്തോടെ പ്രദർശിപ്പിച്ച് പുരുഷ ഹ്രുദയങ്ങളെ മോഹിപ്പിക്കാനോ അല്ലെങ്കിൽ തന്നിൽ തന്നെ ആനന്ദം കണ്ടെത്താനോ ആയിരിക്കാം. അല്ലെങ്കിൽ ഇതു രണ്ടിനുമായിരിക്കും. കവികളും സാഹിത്യകാരന്മാരും ഈ സൗന്ദര്യധാമങ്ങളെക്കുറിച്ച് മനോഹരമായി എഴുതി സാഹിത്യ്ത്തിനു മുതൽകൂട്ട് ഉണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾ അണിഞ്ഞൊരുങ്ങുന്നത് അതിനായി തയ്യാറെടുക്കുന്നതും പുരുഷനയനങ്ങൾക്ക് ഉത്സവമേകാൻ തന്നെയെന്ന് ചിലർ വാദിക്കുന്നു. (വെണ്ണ തോൽക്കുമുടലിൽ സുഗന്ധിയാം എണ്ണ തേച്ചരയിലൊറ്റമുണ്ടുമായി. .ഇങ്ങനെ ഒരു കവി എഴുതി. അതെക്കുറിച്ച് ഒരു പ്രശസ്ത വിമർശകൻ എഴുതി: ഈ വരികൾ എഴുതാൻ ഈ മേനോൻ മനസ്സ് കൊണ്ട് എത്രമാത്രം വ്യഭിചരിച്ചിരിക്കണം) ചില്ലറ വ്യഭിചാരങ്ങളും, ബലാത്സംഗങ്ങളും എല്ല പുരുഷഹ്ര്ദയങ്ങളിലും മുറ പോലെ നടക്കുന്നു. മുറപോലെ എന്ന്

പറഞ്ഞത് പ്രായവും ആരോഗ്യവുമനുസരിച്ച് എന്നാണ്. ചുറ്റും സൗന്ദര്യധാമങ്ങളെകണ്ട് നിയന്ത്രിക്കനാവാത്ത പ്രണയദാഹവുമായി എന്നാൽ സദാചാരം എന്ന ഉണർവ്വുള്ള പാറവുകാരനെ കണ്ട് ശപിച്ച് പുരുഷഹ്രുദയങ്ങൾ പാടുന്നു: കയ്യും കെട്ടി വായും മൂടി ഞാനിരിക്കുന്നു, കണ്ണിൻ മുന്നിൽ പാൽ പ്രഥമൻ ഉറുമ്പരിക്കുന്നു. ദൈവം സുന്ദരിമാരെ സ്രുഷ്ടിക്കുന്നത് പുരുഷനു വേണ്ടിയല്ലേ എന്ന് സമ്മതിക്കാൻ സ്ത്രീകൾ തയ്യാറല്ലങ്കിലും അവർക്കൊക്കെ സുന്ദരിമാരാകാൻ മനസ്സിൽ ആശയുണ്ട്. പൊൻകുന്നം വർക്കി ഒരു കഥയിൽ എഴുതി : സ്ത്രീ എന്ന് പറയുന്ന്ത് ഉപ്പാണ്. പുരുഷനായ മരത്തിൽ ചുറ്റിപടരാതെ വളരാൻ അവർക്ക് നിർവ്വാഹമില്ല. ഒരു സ്ത്രീ അവളുടെ സ്വപനങ്ങൾ കൊത്തി വിരിയിക്കുന്നത് പുരുഷൻെറ മാറിലെ ചൂട് കൊണ്ടാണു. ഒരു പുരുഷനു സമർപ്പിക്കാനുള്ളതല്ലാതെ ഒരു സ്ത്രീക്ക് സ്വന്തമായി എന്താണുള്ളത്? വർക്കി സാർ എഴുതിയത് കുറച്ച് ഏറിപോയോ? ഭാരതത്തിൻെറ പാരമ്പര്യമനുസരിച്ച് പതിയെ ഈശ്വരനെപൊലെ പൂജിക്കണമെന്നാണു. എല്ലാം ഈശ്വരനു നൽകാനാണെങ്കിൽ പിന്നെ അത് മനോഹരമായി അലങ്കരിച്ച് തന്നെ നൽകുന്നതാണു ശരി. സ്ത്രീയുടെ സൗന്ദര്യസങ്കൽപ്പത്തിൽ നിന്നായിരിക്കും അവൾ പോലുമറിയാതെ അവൾ പുരുഷൻെറ ഉപഭോഗവസ്തുവായി തീർന്നത്.

മയിലിൻെറ പീലി സുന്ദരമാണു എന്നാൽ അതിൻെറ കാലുകൾക്ക് അഭം ഗിയുണ്ട്. മഴക്കാർ വിടർത്തിനിൽക്കുന്ന മാനത്തിൻ ചോട്ടിൽ ന്രുത്തം ചെയ്യുന്ന മയിലുകളുടെ കണ്ണിൽ വെള്ളം നിറയാറുണ്ട്. അത് സന്തോഷത്തിൻേറയും സങ്കടത്തിൻേറും പ്രതീകമാണു. മനോഹരമായ പീലിന്രുത്തം ആടി സ്വയം ആനന്ദിക്കുകയും ഇണയെ ആകർഷിക്കുകയും ചെയ്യുമ്പോൾ മയിലുകൾക്ക് അനിർവ്വചനയീമായ ആനന്ദം അനുഭവപ്പെടുമത്രെ. എന്നാൽ തൻെറ കാലുകൾ വിരൂപങ്ങളാണല്ലോ എന്നോർത്ത് അവയുടെ കണ്ണിൽ വെള്ളം നിറയുന്നു. മനുഷ്യരിലും ഈ ദു:ഖം പ്രകടമായി കാണാവുന്നതാണ്. കാരണം ദൈവം എല്ലാവർക്കും ഒന്നും മുഴുവനായി കൊടുക്കുന്നില്ല. സാത്വിക ഭാവങ്ങളും, പ്രസന്നതയും ചിലർക്ക് കിട്ടുമ്പോൾ ചിലരെ ദൈവം മദാലസ രൂപത്തിൽ സ്രുഷ്ടിച്ച് വിടുന്നു. രൂപ ഭംഗി കൂട്ടാനും മാറ്റാനുമായി പലരും സൗന്ദര്യ വർദ്ധകവസ്തുക്കൾ ഉപയോഗിക്കുന്നു. തന്മൂലം കാന്തി വർദ്ധന വസ്തുക്കൾ ഉണ്ടാക്കുന്ന കമ്പനികൾ ഇന്നു വിപണിയിൽ ലാഭം കൊയ്ത്കൊണ്ടിരിക്കുന്നു.

സ്ത്രീകളുടെ ഉടയാടയിൽ മതം നോട്ടമിടുന്നത് ശരിയല്ലെന്ന കാര്യത്തിൽ യോജിക്കുന്നവരും യോജിക്കത്തവരുമുണ്ട്. ആദ്യരാത്രിയിൽ മണിയറയിൽ പ്രവേശിക്കുന്ന സ്ത്രീ എങ്ങനെ വസ്ത്രമണിയണമെന്നു അവളുടെ തീരുമാനമാണു. അതിനു ശേഷവും. വിവാഹദിവസം അണിഞ്ഞൊരുങ്ങുന്നതും മണിയറ അലങ്കരിക്കുന്നതും രതിക്രീഢക്കാണെങ്കിൽ ആ വിനോദത്തിനു വസ്ത്രങ്ങളുടെ ആവശ്യകതയുണ്ടൊ എന്ന ന്യായമായ സംശയം ആർക്കും തോന്നാവുന്നതാണു. എന്തിനാണു സുന്ദരനും സുന്ദരിയുമാകുന്നത്. ഇണയെ ആകർഷിക്കാൻ തന്നെ. അത് വംശവർദ്ധനവിനുമാണു. പ്രക്രതിയും അതു തന്നെയാണു പ്രദർശിപ്പിക്കുന്നത്. ആനകൾക്ക് മദമിളകുമ്പോൾ അവ കാട്ടിൽ ചുറ്റിനടന്നു ചിന്നം വിളിച്ച് ഇണയെ ആകർഷിക്കുന്നു. ഒരു പക്ഷെ “നീ വരൂ പ്രേമ സർവ്വസ്വമേ.. എന്നായിരിക്കും ആ ചിന്നം വിളികളുടെ അർത്ഥം. .മ്രുഗങ്ങളുടേയും, പക്ഷികളുടേയും ഭാഷയറിയുന്ന വരരുചി ഉണ്ടായിരുന്നെങ്കിൽ എന്താണു ആനകൾ പറയുന്നത് എന്നറിയാമായിരുന്നു. പൂങ്കുയിലുകൾ കൂ കൂ എന്ന് നീട്ടിപാടുന്നതിൻെറ അർത്ഥം നീ

എവിടെയെന്നാണു. പിടിയാനകൾക്ക് വർഷത്തിൽ നാലു തവണയെ കാമജ്വരം (estrus) ഉണ്ടാകുന്നുള്ളു. കൊമ്പാനനകൾ ഇണയെ ആകർഷിക്കാനുള്ള ഒരു സ്രാവം (pheromone) മൂത്രത്തിനൊപ്പം ഉത്സർജ്ജിക്കുന്നു. മൈലുകളോളം അതിൻെറ ഗന്ധം പരക്കുന്നു. ആ മണത്തിൽ ആക്രുഷ്ടരായി പിടിയാനകൾ കൊമ്പനെ തേടി വരുന്നു.

സുന്ദരിമാരുടെ മന്ദഹാസ മഴയിൽ നനഞ്ഞ് പ്രേമത്തിൻെറ സരിഗമ പാടി നടക്കുന്ന കോളേജ് ജീവിതകാലം പലർക്കും അവിസ്മരണീയമാണു. കൂടെ പഠിക്കുന്ന പെൺകിടാങ്ങളുടെ സൗന്ദര്യലഹരി മത്ത് പിടിപ്പിക്കുന്ന അസുലഭ കാലഘട്ടം. നെറ്റിയിൽ വരക്കുറിയും കറുത്തപൊട്ടും തൊട്ട് തെല്ല് പരിഭ്രമത്തോടെ, സങ്കോചത്തോടെ വരാന്തയിലൂടെ മന്ദം മന്ദം നടന്നുവന്ന പെൺക്കുട്ടിയെ നോക്കി അന്നത്തെ ആൺകുട്ടികൾ പാടി.: അശ്വതി നക്ഷത്രമേ എൻ അഭിരാമ സങ്കൽപ്പമേ..."വില കൂടിയ വസ്ത്രങ്ങളോ, ആഭരണങ്ങളൊ, വിസ്തരിച്ച ചമയങ്ങളൊ ഒന്നുമില്ലാതിരുന്ന ആ പെൺകുട്ടിയിൽ ശാലീന സൗന്ദര്യം ആൺകുട്ടികൾ കണ്ടിരുന്നു. എള്ളെണ്ണ മണം വീശും എന്നുടെ മുടിക്കെട്ടിൽ മുല്ലപ്പൂ ചൂടിച്ച വിരുന്നുകാരൻ എന്ന് അറപ്പുര വാതിൽക്കലിരുന്ന് പാടിയ സ്ത്രീയും മുന്തിയ ചമയങ്ങൾ ഒന്നും അണിഞ്ഞിരുന്നില്ല. അപ്പോൾ സൗന്ദര്യം എന്താണു, എവിടെയാണെന്നൊക്കെ സ്ത്രീ പുരുഷന്മാർ ചിന്തിക്കുന്നു. തല നിറയെ എണ്ണ തേച്ച് ചന്ദനക്കുറിയും, പിന്നിയ മുടിയും, ദാവുണിയുമൊക്കെ ചുറ്റിവരുന്നവളെ ഇപ്പോഴത്തെ തലമുറ "കണ്ട്രി" എന്ന് വിളിക്കുന്നു. ഒന്നും ഒന്നരയും ചുറ്റി കവിളിൽ മഞ്ഞൾ തേച്ച് കറുത്തപൊട്ടും തൊട്ട് നടന്നവളും ഇപ്പോൾ മുടി മുറിച്ച് ജീൻസും ഷർട്ടുമിട്ടും നടക്കുന്നവളും പുരുഷന്മാർക്ക് ഉന്മാദ ലഹരി പകരുന്നുണ്ട്. വിശ്വസുന്ദരി എന്നറിയപ്പെട്ടിരുന്ന ക്ലിയോപാട്ര പനിനീർ ഇതളുകൾ വിതറിയ പാലിൽ മുങ്ങികിടന്നു കുളിക്കുമായിരുന്നത്രെ. ജപ്പാനിലെ സുന്ദരിമാർ അവരുടെ തലമുടിയിലാണു സൗന്ദര്യം കണ്ടിരുന്നത്. അരയ്ക്ക് രണ്ടടി താഴെമുടി നീണ്ടു കിടക്കണമെന്നവർ നിഷ്കർഷിച്ചിരുന്നു. പുരാതന ഗ്രീസ്സിലെ സുന്ദരിമാർ ഒലിവ് എണ്ണയും തേനും സൗന്ദര്യവർദ്ധനവിനുവേണ്ടി ഉപയോഗിച്ചു. സ്വർണ്ണ തലമുടി അവർക്ക് ഹരമായിരുന്നു. മുടിക്ക് സ്വർണ്ണവർണ്ണം കിട്ടാൻ അവർ വിനാഗിർ ഉപയോഗിച്ചു വന്നു. പശ്ചിമ യൂറോപ്പിൽ വിവാഹിതരായ സ്ത്രീകൾ അവരുടെ തലമുടി മറച്ച് നടന്നിരുന്നു. കാരണം സ്ത്രീയുടെ സൗന്ദര്യം മുടിയിലാണെന്ന് അവർ വിശ്വസിച്ചിരുന്നു. തലമുടി കണ്ട് ആരും പിന്നാലെ വരേണ്ടയെന്ന ഒരു മുൻ കരുതൽ. പുഞ്ചിരിക്കുന്ന എല്ലാ മുഖങ്ങളും സുന്ദരമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. നിങ്ങൾ എന്തു ധരിച്ചാലും ഒരു പുഞ്ചിരി ധരിക്കാതിരിക്കരുതെന്ന് പറയുന്ന് അത്കൊണ്ടാണു്. സൗന്ദര്യത്തിൻെറ പ്രതീകമായി ബോട്ടിസെല്ലിയുടെ വീനസ്സ് എന്ന ചിത്രം നിലകൊള്ളുന്നു. എല്ലാ സ്ത്രീകളും വീനസ്സിനെപോലെ സുന്ദരിയാകാൻ ആഗ്രഹിക്കുന്നു. സൗന്ദര്യ വർദ്ധന വസ്തുക്കളും വസ്ത്രങ്ങളും ഒരു ഇഷ്ടം പോലെ സ്ത്രീകൾക്ക് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും മതമേധാവികൾ അവക്ക് വിലക്ക് കൽപ്പിക്കുന്നു. ബൈബിൾ ഇങ്ങനെ പറയുന്നു. സ്ത്രീകൾ തങ്ങൾക്ക് യോജിച്ച വസ്ത്രം ധരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അന്തസ്സിനും എളിമക്കും ചേർന്ന വസ്ത്രങ്ങളാണു സ്ത്രീകൾ ധരിക്കേണ്ടത്.അവർ തങ്ങളെ തന്നെ സുന്ദരികളാക്കുവാൻ വേണ്ടി ആകർഷ്കങ്ങളായ കേശാലങ്കാരങ്ങളോ സ്വർണ്ണമോ മുത്തൊ വില കൂടിയ വസ്ത്രങ്ങളൊ ഉപയോഗിക്കരുത്. (വിശുദ്ധ വേദപുസ്തകം– തിമൊത്തി 2–10).

എന്തിനാണു് സ്ത്രീകൾ അണിഞ്ഞൊരുങ്ങുന്നത് എന്ന ചോദ്യത്തിനുത്തരം താഴെ പറയുന്ന

പാട്ടിൽ ഉണ്ട്. നിന്നെകാണാൻ എന്നെക്കാളും ചന്തം തോന്നും കുഞ്ഞിപ്പെണ്ണേ, എന്നിട്ടെന്തെ നിന്നെ കെട്ടാൻ ഇന്നുവരെ വന്നില്ലാരും.ചന്തം ഉണ്ടായിട്ടും, ചന്തം വരുത്തിയിട്ടും ആരും വന്നില്ലെന്ന പരാതി. ആകാശത്തിൽ നക്ഷത്രങ്ങൾ പോലേയും, ഭൂമിയിൽ മണൽത്തരികൾ പോലേയും സന്താനങ്ങൾ ഉണ്ടാകേണ്ടത് പ്രക്രുതിയുടെ ആവശ്യമാണു്. ആ വാസന ആൺ–പെൺ മനസ്സുകളിൽ ഉള്ളത് കൊണ്ട് അവർ പരസ്പരം ആകർഷിക്കപ്പെടാൻ ഭംഗി വർദ്ധിപ്പിച്ച്കൊണ്ടേയിരിക്കുന്നു. ദൈവം അദ്ദേഹത്തിൻെറ സാദ്രുശ്യത്തിൽ മനുഷ്യനെ സ്രുഷ്ടിച്ചെങ്കിലും മനുഷ്യർ ആ സാദ്രുശ്യത്തിൽ ത്രുപ്തരല്ലെന്ന കാര്യത്തിൽ വിരോധമുണ്ടായി ഇനി അദ്ദേഹം മനുഷ്യരാശിയുടെമേൽ എന്തു ശാപമായിരിക്കും വർഷിക്കുകയെന്നു കോസ്മെറ്റിക്ക് കമ്പനികൾ ആശങ്കപ്പെടുന്നുണ്ടാകും.

**ശുഭം**